## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1210** **31-01-2024 - ൽ മറുപടിയ്ക്ക്**

## അഗ്രിഫെസ്റ്റ് പരിപാടിക്ക് നൽകിയ സാമ്പത്തിക സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2011-16 സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിലെ മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് എന്ന പരിപാടിക്ക് യുവജനകാര്യ വകുപ്പ് നൽകിയ സാമ്പത്തിക സഹായത്തെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം വകുപ്പ് നടത്തുന്നുണ്ടോ; | (എ) | 2011-16 സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിലെ മാനന്തവാടിയിൽ വച്ച് നടന്ന അഗ്രിഫെസ്റ്റ് എന്ന പരിപാടിക്ക് യുവജനക്ഷേമ ബോർഡ് അനുവദിച്ച സാമ്പത്തിക സഹായത്തെ സംബന്ധിച്ച് നിലവിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത പരിപാടിക്ക് വകുപ്പ് ചെലവഴിച്ച തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിവരം ലഭ്യമാക്കാമോ? | (ബി) | അഗ്രിഫെസ്റ്റ് എന്ന പരിപാടിയോടനുബന്ധിച്ച് ട്രൈബൽ ഫെസ്റ്റ് നടത്തുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആകെ 20,00,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 10,00,000/- രൂപയുടെ കണക്കുകൾ അന്നത്തെ വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ 22/01/2015 - ലെ ടി16/15 ഡിവൈസിഡബ്ല്യു പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 10,00,000/- രൂപയുടെ കണക്കുകൾ സമർപ്പിക്കുന്നതിന് പകരം കൈപ്പറ്റ് രസീത് (തീയതി - 06/01/2015) ധനവിനിയോഗ സാക്ഷ്യപത്രം (തീയതി - 26/03/2015) എന്നിവ മാത്രമാണ് അഗ്രിഫെസ്റ്റ് വർക്കിംഗ് ചെയർമാൻ ആയിരുന്ന അന്നത്തെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എം.ജി.ബിജു അന്നത്തെ വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ മുഖേന ലഭ്യമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ